# കണ്ടറിഞ്ഞ വിശ്വാസം

## യോഹന്നാൻ 9:25

''അതിന് അവൻ: അവൻ പാപിയോ അല്ലയോ എന്നു ഞാൻ അറിയുന്നില്ല; ഒന്നു അറിയുന്നു; ഞാൻ കുരുടനായിരുന്നു; ഇപ്പോൾ കണ്ണു കാണുന്നു എന്ന് ഉത്തരം പറഞ്ഞു.''

ദൈവവചനത്തിൽ പുതിയനിയമഭാഗത്ത് നിരവധിയാളുകൾക്ക് അത്ഭുതകരമായ വിടുതൽ ലഭിക്കുന്നതായി നാം വായിക്കുന്നുവല്ലോ. കർത്താവിനെ സമീപിച്ച ഒരു വ്യക്തിയെപ്പോലും അവിടുന്ന് വെറുംകയ്യായി പറഞ്ഞയച്ചിട്ടില്ല. തന്റെ അടുക്കൽ കടന്നുവന്നവർ കർത്താവിന്റെ മഹത്വം തിരിച്ചറിഞ്ഞ് വന്നവരായിരുന്നില്ല, മറിച്ച് അവരുടെ ഭൗതികമായിട്ടുള്ള പലവിധ ആവശ്യങ്ങളുടെ ഭാരവുംപേറി വന്നവരായിരുന്നു. അവരിൽ പലരും തങ്ങൾക്കു ലഭിച്ച വിടുതൽ കണ്ടറിഞ്ഞ ശേഷം കർത്താവിന്റെ മഹത്വം തിരിച്ചറിയുവാനും അവരുടെ ഉൾക്കണ്ണുകളിലെ അന്തത നീങ്ങി അവിടുന്ന് ആരാണെന്ന തിരിച്ചറിവ് ലഭിക്കുവാനും ഇടയായി.

**യോഹന്നാൻ 4:42** 'ഇനി നിന്റെ വാക്കുകൊണ്ടല്ല ഞങ്ങൾ വിശ്വസിക്കുന്നതു; ഞങ്ങൾ തന്നേ കേൾക്കയും അവൻ സാക്ഷാൽ ലോകരക്ഷിതാവു എന്ന് അറികയും ചെയ്തിരിക്കുന്നു എന്ന് സ്ത്രീയോട് പറഞ്ഞു.'

പ്രിയദൈവപൈതലേ, ഈ പറഞ്ഞ വചനത്തിൽ വായിച്ചതുപോലെ ഇന്ന് നാം പലരോടും കർത്താവിന്റെ മഹത്വത്തെക്കുറിച്ച് പറയുന്നുണ്ടെങ്കിലും അവർ വ്യക്തിപരമായി കർത്താവിനെ കണ്ടറിഞ്ഞ് വിശ്വസിക്കുമ്പോഴേ അവനെ പൂർണ്ണമായി തിരിച്ചറിയുവാൻ സാധിക്കുകയുള്ളു. അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് അവരോട് ഇടപെടുവാൻ നമുക്ക് പ്രാർത്ഥിക്കാം.

ഒരു ദൈവപൈതൽ കർത്താവിനെ തിരിച്ചറിഞ്ഞു കഴിയുമ്പോൾ അതുവരെ അവനിൽ കർത്തൃത്വം നടത്തിയിരുന്ന ഇരുളിന്റെ ശക്തികൾ വിട്ടുമാറി ദൈവത്തിന്റെ പരിശുദ്ധാത്മാവിന്റെ നിയന്ത്രണത്തിലുള്ള ഒരു ജീവിതം സാധ്യമാകുവാൻ ഇടവരുന്നു. അപ്പോൾ ഭൗതികമായ ഒരു വിടുതലിനപ്പുറമായി നമ്മുടെ ആത്മാവിന്റെ നിത്യത അഥവാ നിത്യജീവന് അവകാശികളായിത്തീരുവാൻ സാധിക്കുന്നു. അവിടെ നാം കർത്താവിനോടൊരുമിച്ച് യുഗായുഗം വാഴുവാൻ ഇടവരുന്നു. അതൊരിക്കലും നഷ്ടപ്പെട്ടുപോകുവാൻ നാം അനുവദിക്കരുത്.

ഒരുവൻ ലോകം മുഴവൻ നേടിയാലും സ്വന്തം ആത്മാവിനെ നഷ്ടമാക്കിയാൽ പിന്നെന്തു പ്രയോജനം. ഈ തിരുവചനമനുസരിച്ചുകൊണ്ട് കർത്താവിന്റെ സന്നിധിയിൽ നിന്ന് കൈവിടപ്പെട്ടുപോകാതെ അവനോടു പറ്റിച്ചേർന്നു നിൽക്കുന്നവരാകാം. അനുദിനവും തിരുനന്മകൾ ഓർത്ത് നന്ദിയോടെ കർത്താവിനെ സേവിക്കാം. നമ്മുടെ ചുറ്റുപാടുമുള്ള നിര

വധിയാളുകൾ ഈ ജീവിക്കുന്ന ദൈവത്തെ വേണ്ടുംവണ്ണം കണ്ടറിഞ്ഞ് വിശ്വസിക്കുവാൻ ഇടയാവട്ടെ എന്നു നമുക്ക് പ്രാർത്ഥിക്കാം. ദൈവം നമ്മെ ഏവരേയും അനുഗ്രഹിക്കുമാറാകട്ടെ.

**പരാമർശം :**

**യോഹന്നാൻ 10:37,38**

ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തി ചെയ്യുന്നില്ലെങ്കിൽ എന്നെ വിശ്വസിക്കേണ്ടാ; ചെയ്യുന്നു എങ്കിലോ എന്നെ വിശ്വസിക്കാതിരുന്നാലും, പിതാവ് എന്നിലും ഞാൻ പിതാവിലും എന്ന് നിങ്ങൾ ഗ്രഹിച്ച് അറിയേണ്ടതിന് പ്രവൃത്തിയെ വിശ്വസിപ്പിൻ.

**സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 057**